(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണു്;

(ഡി) പത്രങ്ങളിൽ സാധാരണപോലെ പരസ്യപ്പെടുത്താത്തതു കൊണ്ടും, അപേക്ഷാഫാറങ്ങൾ കിട്ടാത്തതുകൊണ്ടും, വിദ്യാർത്ഥികൾക്കു് യഥാസമയം അപേക്ഷകളയയ്ക്കാൻ സാധിക്കാതെ വരുമെന്നുള്ള സംശതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ തിരഞ്ഞെടുപ്പു് സ്റ്റേറ്റു് അടിസ്ഥാനത്തിലോ, ജില്ലാ അടിസ്ഥാനത്തിലോ ഗവണ്മെൻറു് നടത്തുവാൻ ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ജൂൺ 12-ാംതീയതിയായിരുന്നു. അതിപ്പോൾ 22-ാംതീയതിവരെയാക്കി മാറ്റിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി, ഡി) മേൽ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്റ്റേറ്റടിസ്ഥാനത്തിലാണു് തിരഞ്ഞെടുപ്പു നടത്തുന്നതു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: കഴിഞ്ഞകൊല്ലം ഈ അപേക്ഷാഫാറങ്ങൾ അതാതു വിദ്യാലയങ്ങളിൽനിന്നായിരുന്നു കൊടുത്തിരുന്നതെന്നറിയാമോ; അതു് മാറുവാൻ കാരണമെന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ബോർഡു് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻറെ നിർദ്ദേശമനുസരിച്ചാണു് ചെയ്തിട്ടുള്ളതു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തെപ്പോലെ അതതു സ്ഥാപനങ്ങളിൽനിന്നു ഫാറങ്ങൾ കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിനെക്കുറിച്ചു് അന്വേഷിച്ചു് നടപടി കൈക്കൊള്ളാം.

ശ്രീ. എം. നാരായണക്കുറുപ്പു് : സാങ്കേതികമായ കാരണങ്ങൾകൊണ്ടു് ഒരു ദിക്കിൽനിന്നുമാത്രമാണു് ഇതു് വിതരണം ചെയ്യുന്നതെങ്കിൽ ദൂരെയുള്ളവർക്കു് അറിയുന്നതിനും കിട്ടുന്നതിനുംവേണ്ടി അതു കാലേക്കൂട്ടി വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കേരളകൗമുദി, കൗമുദി, ദേശാഭിമാനി, മലയാളരാജ്യം പുതലായി പല പത്രങ്ങളിലും ഈ നോട്ടിഫിക്കേഷൻ നേരത്തെ അയച്ചിട്ടുണ്ടു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : കഴിഞ്ഞകൊല്ലം ഡിസ്ട്രിക്റ്റിൻറെ അടിസ്ഥാനത്തിലായിരുന്നോ ഈ തിരഞ്ഞെടുപ്പു നടത്തിയതു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതതു സ്ഥാപനങ്ങളിൽ വരുന്ന അപേക്ഷകൾ പരിശോധിച്ചു് തിരഞ്ഞെടുപ്പു നടത്തുകയായിരുന്നു പതിവു്. ഇക്കൊല്ലം ആൾ ഇൻഡ്യാ സെക്കൻഡറി എഡ്യൂക്കേഷൻറെ നിർദ്ദേശമനുസരിച്ചു് തിരഞ്ഞെടുപ്പു നടത്തുവാൻ പോകുകയാണു്.

വെള്ളായണി കാർഷികകോളേജിലെ അദ്ധ്യാപകർ.

* 1818. [33] ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കാർഷികകോളേജിൽ പ്രൊവിഷണലായി നിയമിച്ച എത്ര അദ്ധ്യാപകർ ഇപ്പോഴുണ്ടു്;

(ബി) എന്നാണു് ഓരോരുത്തരെയും നിയമിച്ചതു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്രയെണ്ണം പി. എസ്സ്. സി ക്കയച്ചു അഡ്വർടൈസ് ചെയ്തിട്ടുണ്ട്;

(ഡി) ഏതെങ്കിലും പോസ്റ്റുകൾ പരസ്യപ്പെടുത്താതിരിക്കുന്നെങ്കിൽ അതിന്റെ കാരണമെന്ത്;

(ഇ) പ്രൊവിഷണലായി നിയമിച്ച ആരെയെങ്കിലും അന്യരാജ്യങ്ങളിൽ ഉപരിപഠനത്തിനോ ട്രെയിനിംഗിനോ അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പെർമെനന്റായിരിക്കുന്നവരെ അയയ്ക്കാതിരിക്കാൻ എന്തു കാരണം;

(ജി) അയയ്ക്കുമ്പോൾ ഉള്ള വ്യവസ്ഥകൾ എന്തെല്ലാം?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 11 പേരുണ്ട്.

(ബി)

എ. ജി. ഗോപിനാഥമേനോൻ	17	7	1957
ജെ. ബി. റോസ്	19	7	1957
എ. റാറി, അബ്രഹാം	11	7	1957
എൻ. ഗോപിനാഥൻ നായർ	26	9	1957
കെ. ഐ. വിൽസൺ	6	3	1958
കെ. വി. വർഗ്ഗീസ്	20	6	1958
ഇ. ജെ. തോമസ്	10	11	1956
കെ. പരമേശ്വരൻ നായർ	15	7	1957
ജോസ് ശാമുവൽ	20	6	1958
കെ. സുബ്രഹ്മണ്യ കരയാളർ	12	2	1959
പി. വി. ഐലി	4	9	1957

(സി) 1. ഇതിൽ ജോസ് ശാമുവൽ കെ. സുബ്രഹ്മണ്യക്കരയാളർ എന്നിവരുടെ പോസ്റ്റുകൾ സർവ്വീസ് കമ്മീഷനു അയച്ചുകൊടുത്തു അഡ്വർടൈസ് ചെയ്തു. അതിൻപ്രകാരം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അവരെ തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു.

2. കെ. വി. വർഗ്ഗീസിന്റെ പോസ്റ്റ് പി. എസ്. സി. നോട്ടിഫൈ ചെയ്യുവെങ്കിലും ആളിനെ ഇതുവരെ തിരഞ്ഞെടുത്തു അറിയിച്ചിട്ടില്ല.

3. ജെ. ബി. റോസ്, കെ. വി. വിൽസൺ എന്നിവരുടെ പോസ്റ്റുകൾ ഇപ്പോൾ പി. എസ്. സി. പരസ്യപ്പെടുത്തിയിട്ടുണ്ട്. അതു നികത്തിവയ്ക്കാൻ അവരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

(ഡി) അവർ ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗങ്ങളിൽത്തന്നെ അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നതിനാൽ ഈ ഉദ്യോഗങ്ങൾ ഇതുവരെ പരസ്യപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ട്. മേൽ പറഞ്ഞിട്ടുള്ളതിൽ ശ്രീ. ഇ. ജെ. തോമസ്, എ. ജി. ഗോപിനാഥമേനോൻ, കെ. പരമേശ്വരൻ നായർ എന്നിവരെ അമേരിക്കൻ സഹായപദ്ധതിയനുസരിച്ച് അമേരിക്കയിലേക്കയയ്ക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഇവർ പഠിപ്പിക്കുന്ന വിഷയങ്ങളിൽ ഉപരിപഠനം ആവശ്യമെന്നു ഗവണ്മെന്റ് കരുതിയതുകൊണ്ടാണ് അതിൽ ഇരുന്ന ഉദ്യോഗസ്ഥന്മാരെ അയയ്ക്കുന്നതിനു തെരഞ്ഞെടുത്തത്.

(ജി) അയയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഇതോടൊന്നിച്ചു ചേർക്കുന്നു.†

† Placed on the Library table.

LIBRARY ARCHIVES Kerala Legislative Assembly